# <u>ഫ്രെയിം മാറ്റ് പരിശീലന പരിപാടി – അപേക്ഷ ക്ഷണിക്കുന്നു!</u>

**പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന വനിതകൾക്ക് സുവർണ്ണാവസരം !**

ഫ്രെയിം മാറ്റ് പരിശീലന പരിപാടിയുടെ ഭാഗമായി, നിങ്ങൾക്ക് തൊഴിൽ രംഗത്ത് മികച്ച സാധ്യതകൾ ലഭിക്കുന്ന ഒരു അവസരമാണിത്.

സംസ്ഥാന പട്ടിക ജാതി വകുപ്പ് കയർവകുപ്പിന്റെ അനുബന്ധ സ്ഥാപനമായ നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടുമായി സഹകരിച്ച് , ജില്ലാ അടിസ്ഥാനത്തിൽ സ്റ്റൈപന്റോടുകൂടിയ തൊഴിൽ നൈപുണ്യ പരിശീലനത്തിന് പട്ടികജാതി വനിതകളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. ജില്ലാ അടിസ്ഥാനത്തിൽ ബാച്ചുകളായിട്ടാണ് പരിശീലനം സംഘടിപ്പിച്ചിട്ടുള്ളത്. പരിശീലന സമയത്ത് സ്റ്റൈപന്റും തുടർന്ന് ഇന്റേൺഷിപ്പോടുകൂടി വിവിധയിനം ഫ്രെയിം മാറ്റുകൾ നിർമ്മിക്കുവാനുള്ള പൂർണ്ണ പരിശീലനം ൻൽകുന്നു.

## പരിശീലന വിഷയം:

- ഈ പരിശീലനത്തിൽ നിങ്ങൾക്ക് വിവിധയിനത്തിലുള്ള ഫ്രെയിംമാറ്റുകൾ നിർമ്മിക്കുന്നതിനെക്കുറിച്ച് വിദഗ്ദ പരിശീലനം ലഭിക്കുന്നു.

## വിവിധയിനം ഫ്രെയിം മാറ്റുകൾ

- കോറിഡോർ മാറ്റ്
- മെഷ് മാറ്റ്
- സിനറ്റ് മാറ്റ്
- റൗണ്ട് മാറ്റ്

## യോഗ്യത:

- കുറഞ്ഞത് 50% മാർക്ക് നേടി എട്ടാംക്ലാസ് പാസ്സായിരിക്കണം
- പ്രായപരിധി 50 വയസ്സ്

## സ്റ്റൈപന്റ്

- പരിശീലന കാലയളവിൽ (30 ദിവസം) പ്രതിദിനം 300 രൂപ സ്റ്റൈപന്റ് ലഭിക്കും
- വിജയകരമായി പരിശീലനം പൂർത്തിയാക്കിയാൽ തുടർന്നുള്ള 25 ദിവസം പ്രതിദിനം 500 രൂപ വീതം ഇന്റേൺഷിപ്പ് സ്റ്റൈപന്റ് ലഭിക്കും.

## പരിശീലനത്തിന്റെ ദൈർഘ്യം:

- 30 ദിവസമാണ് പരിശീലന കാലാവധി
- ഓരോ ബാച്ചിലും 10 വനിതകളെയായിരിക്കും ഉൾപ്പെടുത്തുക.

## പരിശീലന സമയ ക്രമവും വിശദാംശകങ്ങളും:

- രാവിലെ 9.30 മുതൽ വൈകുന്നേരം 5 മണിവരെ
- രണ്ട് മാസ്റ്റർ ട്രെയിനർമാരുടെ മേൽനോട്ടത്തിലാണ് പരിശീലനം സംഘടിപ്പിച്ചിരിക്കുന്നത്.

**പരിശീലനം ലഭിക്കുന്ന ജില്ലകൾ**

- തിരുവനന്തപുരം, കൊല്ലം, കോട്ടയം
- ആലപ്പുഴ, എറണാകുളം, തൃശ്ശൂർ
- മലപ്പുറം, കോഴിക്കോട്, കണ്ണൂർ

**എങ്ങനെ അപേക്ഷിക്കാം?**

- താൽപര്യമുള്ള അപേക്ഷകർ ചുവടെ നൽകിയിരിക്കുന്ന ഫോൺ നമ്പിറിൽ ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യാവുന്നതാണ്.

**നമ്പർ: 0471-27 30 788**

**തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്ന മികച്ച അവസരമാണിത് !**

**ഇപ്പോൾ തന്നെ രജിസ്റ്റർ ചെയ്യൂ!**